# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4874 14.11.2019 -ൽ മറുപടിക്ക്

### സ്കൂൾ കായികമേള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് സബ് ജില്ലാ തലത്തിൽ സ്കൂൾ കായികമേള നടത്തുന്നുണ്ടോ; വിശദമാക്കുമോ; | എ | ഉണ്ട്. എല്ലാ വർഷവും സബ് ജില്ല കായികമേള സംഘടിപ്പിച്ചാണ് ജില്ലാ മത്സരത്തിലേയ്ക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നത് |
| ബി | പല സബ് ജില്ലകളിലും മീറ്റ് നടത്തുന്നതിനാവശ്യമായ ഗ്രൗണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി | സബ് ജില്ലകളിലെ മത്സരങ്ങൾ ജില്ലകളിൽ ലഭ്യമായ ഗ്രൗണ്ടുകളിലാണ് നടത്തുന്നത്. |
| സി | ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന വേണ്ടി ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ സബ് ജില്ലാ കായിക മേള നടത്തുന്നതിന് പര്യാപ്തമായ ഒരു ഗ്രൗണ്ട് നിർമ്മിക്കുന്നതിന് ഗവൺമെന്റ്/ എയിഡഡ് വിദ്യാലയങ്ങളിലെ മതിയായ സ്ഥല സൗകര്യമുള്ള ഒരു സ്കൂൾ ഗ്രൗണ്ട് സംസ്ഥാന കായിക വകുപ്പുമായി സഹകരിച്ച് മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | സി | ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു സ്കൂളിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി 2020-21 വർഷം തുക മാറ്റി വയ്ക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്ലാനിംഗ് ബോർഡിൽ പ്ലാൻ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എല്ലാ സബ് ജില്ലകളിലും കായികമേള നടത്തുന്നതിനായി കായിക വകുപ്പുമായി സഹകരിച്ച് സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| ഡി | സബ് ജില്ലാ കായിക മത്സരങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി | സബ് ജില്ല കായിക മത്സരങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുവാൻ നിലവിൽ സാധിക്കുന്നുണ്ട്. |

Umadevi

**സെക്ഷൻ ഓഫീസർ**